പട്ടികജാതി യുവതീയുവാക്കൾക്ക് ഓൺലൈനായി അപേക്ഷകൾ അയയ്ക്കുന്നതിനും മറ്റുമായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ സംവിധാനവും അതോടൊപ്പം ലൈബ്രറി, റീഡിംഗ് റൂം എന്നിവയും വിജ്ഞാൻവാടിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ 1000 വിജ്ഞാൻവാടികൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിജ്ഞാൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ, ലൈബ്രറി, റീഡിംഗ് റൂം എന്നിവ സ്ഥാപിക്കുന്നതാണ്.

പട്ടികജാതി പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവരുടെ വേതനകുടിശ്ശിക

274 (4560) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവർക്കുള്ള വേതനം മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മേഖലയിലെ എസ്.സി. പ്രൊമോട്ടർമാർക്ക് കഴിഞ്ഞ 4 മാസക്കാലമായി വേതനം നൽകാത്ത വിഷയം അടിയന്തരമായി പരിഗണിച്ച് ആയത് ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി പ്രൊമോട്ടർമാർക്ക് വേതനം നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം

275(4561) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് പറയാമോ;

(ബി) കേരളത്തിലെ പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ ദേശീയ പട്ടികജാതി കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് സംവരണ ശതമാനത്തിലുണ്ടായിട്ടുള്ള കുറവ് പരിശോധിച്ച് മുൻകാലപ്രാബല്യത്തോടെ ആയത് പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 15.00%

(ബി) 8.00%

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ അന്യായമായ ഫണ്ട് വിനിയോഗം

276(4562) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, പട്ടികജാതി വകുപ്പ് നൽകുന്ന ഫണ്ടുകൾ പട്ടികജാതിക്കാർക്ക് നൽകാതെ വകമാറ്റി ചെലവാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-14 വർഷത്തിൽ ഫെഡറേഷന് പട്ടികജാതി വികസന വകുപ്പ് നൽകിയ 2 കോടി രൂപയിൽ ഒരു രൂപപോലും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നൽകാത്തതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പട്ടികജാതിക്കാർ കേസ് നൽകുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഫണ്ട് വിനിയോഗം സ്റ്റേ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

(ബി) 2013-2014-ൽ ഫെഡറേഷന് 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ഫണ്ട് വിനിയോഗം സ്റ്റേ ചെയ്തതിനാൽ 60 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly